**ഒന്നായി ചേർത്തുനോക്കിയാൽ പോലും ഖുർആൻ അത്ര വലുപ്പമുള്ള ഒരു കൃതിയല്ല. എളുപ്പത്തിൽ ആ വരികളിലൂടെ നമുക്ക് കടന്നുപോകാൻ കഴിഞ്ഞെന്നിരിക്കും. എന്നാൽ, അറിവിന്റെ മറുവശത്തുള്ള അതിരുകളിൽ സഞ്ചരിക്കുന്ന കണ്ണുകളോടെ ആ വരികളിൽ വീണ്ടും വീണ്ടും നാം ഇറങ്ങിച്ചെല്ലേണ്ടതുണ്ട്. കരുണകൊണ്ടും സ്നേഹം കൊണ്ടും എളിമ കൊണ്ടും ആ വരികളെ അറിയേണ്ടതുണ്ട്.**

# ജ്ഞാനത്തിന്റെ ഉറവ

**ജയമോഹൻ**

തക്കല ദർഗാശരീഫിൽ അന്ത്യവിശ്രമം കൊള്ളുന്ന പീർ മുഹമ്മദ് വലിയ്യുല്ല അവർകളെപ്പറ്റി തമിഴിൽ ധാരാളം അത്ഭുതകഥകളുണ്ട്. ഇവിടെ മുസ്‌ലിംകളിൽ മൂന്നിൽ ഒരാൾക്ക് പീർ മുഹമ്മദ് എന്നായിരിക്കും പേര്. തമിഴകത്തിലെ മിക്ക സൂഫിവര്യന്മാരും ഇവിടെയെത്തി പീർ മുഹമ്മദ് അപ്പായുമായി കൂടിക്കാഴ്ച നടത്തിയതായി ഐതിഹ്യങ്ങളുണ്ട്. കുറ്റാലത്തിനടുത്തുള്ള കടയനല്ലൂരിൽ ജനിച്ച അപ്പാ ഇവിടെയെത്തി ജീവിച്ച് മൗത്തായി.

പീർ മുഹമ്മദ് അപ്പാ ഒരു എളിയ നെയ്ത്തുകാരനായിരുന്നു. നമസ്കാരത്തിനുള്ള സമയനിർണയങ്ങളോ ചിട്ടവട്ടങ്ങളോ പാലിച്ചിരുന്നില്ല. പശുവോ നായയോ ശബ്ദിച്ചാൽപോലും ബാങ്ക് കിട്ടി എന്നു പറഞ്ഞ് നമസ്കരിക്കാനിരിക്കുമത്രെ. പരാതികൾ കൂടിയപ്പോൾ തമിഴ് ഇസ്‌ലാമിക ചരിത്രത്തിലെ ഏറ്റവും വലിയ പണ്ഡിതനായ കായൽപട്ടണം സ്വദഖത്തുല്ല അപ്പാ അവർകൾ തക്കലയിലെത്തി പീർ മുഹമ്മദ് അപ്പായെ മതവിചാരണ നടത്തി. തന്റെ ചിട്ടകൾ മുഴുവൻ ഖുർആനിൽ പറഞ്ഞിട്ടുള്ളവയാണെന്ന് പീർ മുഹമ്മദ് അപ്പ പറഞ്ഞു. ഏഴു വയസ്സിൽ ഖുർആൻ കാണാപ്പാഠമായി പറഞ്ഞ് ഗുരുനാഥനെ അതിശയിപ്പിച്ച ആളാണ് സ്വദഖത്തുല്ല അപ്പ. അങ്ങനെ ഖുർആനിൽ ഇല്ല എന്ന് അദ്ദേഹത്തിന് നന്നായി അറിയാവുന്നതാണ്. എങ്കിലും ഖുർആൻ മറിച്ചുനോക്കി. പീർ മുഹമ്മദ് അപ്പ പറഞ്ഞവ മുഴുവൻ അവിടെ പൊന്നെഴുത്തുകളിൽ എഴുതിയിരിക്കുന്നത് കണ്ടു.

കൃത്യമായി പറഞ്ഞാൽ ഇതൊരു അതിരുകടക്കൽ ആണ്. ഖുർആനിൽ എന്തെങ്കിലും ചേർക്കുന്നതായി ചിന്തിക്കുന്നതോ ഖുർആനിലെ വരികളെ വ്യാഖ്യാനിക്കാൻ ശ്രമിക്കുന്നതോ ദൈവദൂഷണം തന്നെ. പക്ഷേ, ആധ്യാത്മികമായ കഥകൾക്ക് പലപ്പോഴും ഉപരിതലത്തിൽ ഈ സ്വഭാവം കാണുന്നുണ്ട്. അവയുടെ പ്രതീകാത്മകത മാത്രം പരിഗണിച്ചാൽ അങ്ങനെ തോന്നുകയുമില്ല.

സാഹിത്യത്തിൽ എന്റെ വഴികാട്ടിയാണ് സുന്ദര രാമസ്വാമി. തികഞ്ഞ നിരീശ്വരവാദി. എനിക്കും അദ്ദേഹത്തിനും തമ്മിലുള്ള വ്യത്യാസമെന്ത് എന്ന് എന്നോട് ഒരാൾ ചോദിച്ചപ്പോൾ ഞാൻ പറഞ്ഞു: “അദ്ദേഹം ആധുനികൻ, ശാസ്ത്രത്തിന്റെ ശരിയിൽ വിശ്വാസമുള്ളവൻ. ഞാൻ ഉത്തരാധുനികനാണ്. എനിക്ക് അറിവിൽ പൂർണ വിശ്വാസമില്ല. അറിവ് ആപേക്ഷികമാണ് എന്ന് ചരിത്രവും വാർത്താവിനിമയ സാങ്കേതികമുറകളും തെളിയിച്ചുകഴിഞ്ഞ ഒരു കാലഘട്ടത്തിലാണ് ഞാൻ ജീവിക്കുന്നത്. അറിവിന് അതീതമായി, അറിവിന് മാനദണ്ഡമായി വർത്തിക്കുന്നതായി മറ്റെന്തെങ്കിലും വേണം എന്ന് എനിക്ക് തോന്നുന്നു. അതിന് ഞാൻ തിരയുന്നു”.

രണ്ടു തലത്തിൽ ഇതിനെ നോക്കിക്കാണാവുന്നതാണ്. ആധുനികതയുടെ പരാജയത്തിനു ശേഷം ലോകം മുമ്പോട്ടു പോയി മതത്തിൽ എത്തിയിട്ടുണ്ട്. പുറകിലോട്ടു പോയി മതത്തിലെത്തിയിട്ടുമുണ്ട്. അറിവിനെ നിയന്ത്രിക്കുന്ന ജ്ഞാനത്തിന്റെയും വിവേകത്തിന്റെയും ഉറവതേടി മതങ്ങളുടെ സത്തയിലേക്കുള്ള യാത്രയാണ് ഒന്നാമത്തേത്. ആധുനികതയുടെ സൃഷ്ടിയായ ആഗോളവത്കരണം, അമിതമായ ഭോഗാസക്തി എന്നിവയ്ക്ക് എതിരായി പുറംതിരിഞ്ഞോടി മതത്തിൽ അഭയം പ്രാപിക്കുന്നതാണ് രണ്ടാമത്തേത്. രണ്ടാമത്തെ രീതിയാണ് ഇന്ന് ലോകം മുഴുവൻ മതമൗലികവാദമായി വളർന്നുവന്നിട്ടുള്ളത്. ഈ മതമൗലികവാദികളിൽ ഭൂരിപക്ഷമാളുകളും വിദ്യാഭ്യാസവും ചിന്താശക്തിയുമുള്ള യുവാക്കളാണ് എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഖുർആനിലേക്ക് ഞാൻ തിരിഞ്ഞത് ആദ്യം പറഞ്ഞ വിവേകത്തിന്റെയും ജ്ഞാനത്തിന്റെയും ഉറവ തേടിയാണ്. ഈ ലേഖനമെഴുതാൻ വേണ്ടി എന്റെ ഖുർആൻ പുസ്തകമെടുത്ത് മറിച്ചുനോക്കുമ്പോൾ ഈ വായന തുടങ്ങിയ ദിവസം കുറിച്ചിട്ടത് കണ്ണിൽപെടുന്നു- 30.4.1995. ചെന്നൈയിലെ പെരമ്പൂരിലുള്ള ഇസ്‌ലാമിക് ഫൗണ്ടേഷൻ ട്രസ്റ്റിന്റെ തലവനായ ജനാബ് അബ്ദുർറഖീബ് സാഹിബ് എനിക്ക് ഈ പുസ്തകം തന്ന ദിവസമാണത്. (മുടങ്ങാതെ വായിക്കാനായി ഒരു മാർഗം ഞാൻ കണ്ടുപിടിച്ചിട്ടുണ്ട്: കമ്പ്യൂട്ടറിന്റെ തൊട്ടടുത്ത് ഇത് വയ്ക്കുക. ഇന്റർനെറ്റിൽ വിഷയങ്ങൾ ഇറക്കിയെടുക്കാൻ കുറേ സമയം പിടിക്കും. അപ്പോൾ ഒരു പേജ് തുറന്ന് വായിക്കുക. ഇന്റർനെറ്റിനെ എനിക്ക് പേടിയാണ്. അതൊരു കടലാണ്. അതിൽ പിറന്നുവീണ് വളർന്ന മുക്കുവന്മാരെ പോലും വിഴുങ്ങുന്ന ഭൂതങ്ങൾ അതിലുണ്ട്. അതൊരു വൻതലച്ചോറാണ്. ഏത് തലച്ചോറിലും പകുതി ചെകുത്താനാണല്ലോ) എങ്കിലും ഖുർആനെപ്പറ്റി ഒരു അഭിപ്രായം എഴുതാൻ മാത്രം ഞാനായിട്ടില്ല എന്ന ബോധം എനിക്കുണ്ട്.

എല്ലാ ധർമന്യായങ്ങളും ആപേക്ഷികങ്ങളാണ് എന്നാണ് ആധുനിക തത്ത്വചിന്ത നമ്മെ പഠിപ്പിക്കുന്നത്. നാം അറിഞ്ഞിട്ടില്ലെങ്കിൽപോലും നമ്മിൽ പലരും അത് ഉള്ളിൽ ഉറച്ചു വിശ്വസിക്കുന്നുമുണ്ട്. അതുകൊണ്ടാണ് നാം നമ്മുടെ ചെയ്തികളെ തർക്കം കൊണ്ട് ന്യായീകരിക്കാൻ തുടർച്ചയായി ശ്രമിച്ചുകൊണ്ടിരിക്കുന്ന

ത്. ഏത് പ്രസിദ്ധീകരണം എടുത്തുനോക്കിയാലും നാം കാണുന്നത് പലതരം തർക്കന്യായങ്ങളാണ്. ഒന്നിൽ കൂടുതൽ തർക്കങ്ങൾ ഏറ്റുമുട്ടി സന്തുലിതാവസ്ഥയിൽ എത്തുന്നതാണ് പരമസത്യം എന്ന് നമ്മുടെ പാഠപുസ്തകങ്ങളിൽ പരമവിഡ്ഢികൾ എഴുതിവച്ചിരിക്കുന്നുമുണ്ട്. ഇന്ന് ലോകം മുഴുവൻ ഒന്നായി മാറി, ഓരോ അറിവും മറ്റെല്ലാ അറിവുകളോടും ചേർന്ന് വളരുമ്പോൾ തർക്കങ്ങളും ന്യായങ്ങളും അളവില്ലാതെ പെരുകിക്കഴിഞ്ഞിരിക്കുന്നു. ഇന്ന് ആപേക്ഷികം എന്ന വാക്കിന് ശൂന്യം എന്നാണ് പൊരുൾ. ഉദാഹരണമായി ഇന്ന് ഞാൻ നോക്കിയ വെബ്സൈറ്റിൽ അനാസിൻ ഗുളിക, പെട്രോൾ, ജിപ്സം, ഉപ്പ് തുടങ്ങിയവ ചേർത്ത് ശക്തമായ ലഹരിമരുന്ന് വളരെ ചുരുങ്ങിയ ചെലവിൽ ഉണ്ടാക്കുന്നതെങ്ങനെ എന്ന ഒരു വിശദമായ ലേഖനമുണ്ട്. വൻചെലവുള്ള ലഹരിമരുന്നുകൾ ഉപഭോക്താക്കളെ ചൂഷണംചെയ്യുന്നവയാണെന്നും അതുകൊണ്ട് ഇത്തരം ശാസ്ത്രജ്ഞാനം ജനങ്ങളിലേക്ക് എത്തിച്ചേ മതിയാവൂ എന്നും ലേഖകൻ ശക്തമായി വാദിക്കുന്നു. അയാളെ നേരിടാനുള്ള ബുദ്ധിശക്തി എനിക്കില്ല. അപ്പോൾ ഞാൻ പുറത്തേക്കു വന്ന് ഖുർആൻ തുറക്കുന്നു.

ഖുർആൻ എന്തു പറയുന്നു എന്ന് എന്നോട് ചോദിച്ചാൽ എന്റെ പരിമിതമായ അറിവ് വച്ചുകൊണ്ട് ഇങ്ങനെ പറയും: "ധാർമികതയുടെ അനാപേക്ഷിക സ്വഭാവത്തെ. നിത്യവും അചഞ്ചലവുമായ മാനുഷികമൂല്യങ്ങളെ." അവ ഒരിക്കലും ചിന്തിച്ചുറപ്പിക്കപ്പെടുന്നവയല്ല. ഒരിക്കലും തർക്കിച്ച് സ്ഥാപിക്കപ്പെടുന്നവയുമല്ല. ആകാശത്തിലും ഭൂമിയിലും ഉള്ള രഹസ്യങ്ങൾ ഒരു മനസ്സിൽ എത്തിപ്പെടുന്നതിലൂടെ നമുക്ക് കിട്ടുന്നവ മാത്രമാണ്.

"സൂര്യനും അതിന്റെ വെയിലുമാണ, അതിനെ പിന്തുടർന്നു വരുന്ന ചന്ദ്രനാണ, അതിനെ വെളിപ്പെടുത്തുന്ന പകലാണ, ആകാശവും അതിനെ സ്ഥാപിച്ചവനുമാണ, ഭൂമിയും അതിനെ വിരിച്ചവനുമാണ, ആത്മാവാണ, അതിനെ സന്തുലിതമാക്കുകയും എന്നിട്ടതിന് ധർമാധർമങ്ങൾ ബോധിപ്പിച്ചവനുമാണ, നിശ്ചയം ആത്മാവിനെ ശുദ്ധീകരിച്ചവൻ വിജയം വരിച്ചു. അതിനെ ചവിട്ടിത്താഴ്ത്തിയവൻ പരാജയപ്പെട്ടു. സമൂദ്‌വർഗം അവരുടെ ധിക്കാരത്താൽ തള്ളിപ്പറഞ്ഞു അവരുടെ പരമദുഷ്ടൻ ഉദ്യുക്തനായപ്പോൾ ദൈവദൂതൻ അവരോടോതി, സൂക്ഷിച്ചുകൊള്ളുക, അല്ലാഹുവിന്റെ ഒട്ടകത്തെ (തൊട്ടുപോകരുത്) അതിന്റെ ജലപാനം(മുടക്കിപ്പോകരുത്). അവരദ്ദേഹത്തിന്റെ താക്കീത് തള്ളിക്കളഞ്ഞു. ഒട്ടകത്തെ കൊന്നു. ഒടുവിൽ അവരുടെ പാപത്തിന്റെ ഫലമായി അവരുടെമേൽ ഒരു ഘോര വിപത്തണച്ചു. അത് അവരെയൊന്നടങ്കം ഒറ്റയടിക്ക് നിരപ്പാക്കിക്കളഞ്ഞു. (തന്റെ ഈ നടപടിക്ക്) വല്ല ദുഷ്ഫലവുമുണ്ടാകുമെന്ന് അശേഷം ഭയപ്പെടുന്നില്ല" (*അശ്ശംസ്*: 1-15).

ഏതു കൃതിയിൽനിന്നും അജ്ഞതയിലേക്ക് എളുപ്പം പോകാനാവുമെന്ന് ചരിത്രം തെളിയിച്ചിട്ടുണ്ട്. ഏതു ദീപത്തെയും ഇരുട്ടിലേക്കുള്ള തുണയായി നമുക്ക് കൊണ്ടുപോകാൻ കഴിയും. ഖുർആൻ ആദ്യം അഭിസംബോധനചെയ്യുന്നത് അറബികളെയാണ്. ഒടുവിൽ ആ വിളി മനുഷ്യവർഗത്തോടായി മാറി. നേരേമറിച്ചും പോകാവുന്നതാണ്. ഏത് മഹാസത്യത്തെയും മറ്റുള്ളവ നശിപ്പിക്കുവാനുള്ള സ്വന്തം ന്യായീകരണമായി മാറ്റാനാവും. മതങ്ങളിൽനിന്ന് ഭ്രാന്തമായ മതമൗലികവാദം പിറക്കുന്നത് ഇങ്ങനെയാണ്. ടി.വിയിൽ, കൈയിൽ ശൂലവുമേന്തി, പാൻപരാഗ് ചവച്ച് ചവച്ച് തുപ്പി കണ്ണുകളിൽ ഭ്രാന്തോടെ ശ്രീരാമന് ക്ഷേത്രം പണിയാൻ പായുന്ന 'വിശ്വഹിന്ദു'ക്കളെ നോക്കിയിരിക്കുമ്പോൾ ഭയം തോന്നുന്നു. നിർത്തി ചോദിച്ചാൽ അവർക്കും രാമായണത്തിൽനിന്ന് കുറേ ഉദ്ധരണികളെടുത്ത് മുന്നോട്ടു വയ്ക്കാൻ സാധിച്ചെന്നു വരും. പക്ഷേ, അത് നമ്മൾ വായിച്ച രാമായണമായിരിക്കില്ല.

ഖുർആൻ പറയുന്നു: "കാലമാണ, മനുഷ്യൻ മഹാനഷ്ടത്തിലാകുന്നു. സത്യവിശ്വാസം കൈക്കൊള്ളുകയും സൽക്കർമങ്ങളാചരിക്കുകയും പരസ്പരം സത്യമുദ്ബോധിപ്പിക്കുകയും ക്ഷമയുപദേശിക്കുകയും ചെയ്ത ജനങ്ങളൊഴിച്ച്" (103: 1-3). ഈ ശാന്തിമന്ത്രത്തിൽനിന്നു തന്നെ ഒരു തോക്ക് ഊരിയെടുക്കാൻ വളരെ എളുപ്പത്തിൽ മനുഷ്യന് സാധിക്കും. കാരണം, മനുഷ്യന്റെ പ്രകൃതം തന്നെ അതാണ്.

ഒന്നായി ചേർത്തുനോക്കിയാൽ പോലും ഖുർആൻ അത്ര വലുപ്പമുള്ള ഒരു കൃതിയല്ല. എളുപ്പത്തിൽ ആ വരികളിലൂടെ നമുക്ക് കടന്നു പോകാൻ കഴിഞ്ഞെന്നിരിക്കും. എന്നാൽ, അറിവിന്റെ മറുവശത്തുള്ള അതിരുകളിൽ സഞ്ചരിക്കുന്ന കണ്ണുകളോടെ ആ വരികളിൽ വീണ്ടും വീണ്ടും നാം ഇറങ്ങിച്ചെല്ലേണ്ടതുണ്ട്. കരുണകൊണ്ടും സ്നേഹം കൊണ്ടും എളിമ കൊണ്ടും ആ വരികളെ അറിയേണ്ടതുണ്ട്.

ഏതാണ്ട് മുന്നൂറോളം സൂഫിവര്യന്മാരുടെ ദർഗകൾ തമിഴകത്തുണ്ട്. ഇവരുടെ കഥകളെ മുഴുവൻ സമാഹരിച്ച് വായിച്ചുനോക്കാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. ഇവരെപ്പറ്റിയുള്ള ഐതിഹ്യകഥകളിലൊക്കെ കാണുന്ന പൊതുവായ ഒരു കാര്യമുണ്ട്: ഇവർ കൊടുംപഞ്ഞകാലത്ത് പാവങ്ങൾക്ക് കഞ്ഞി ദാനംനടത്തിയിരുന്നു. പല ദർഗകളിലും ഇവരുപയോഗിച്ച കഞ്ഞിത്തൊട്ടികൾ കാണാൻ കഴിയും. ഉച്ചനീചത്വവും തീണ്ടിക്കൂടായ്മയും നിറഞ്ഞുനിന്ന ആ കാലഘട്ടങ്ങളിൽ ഇവർ മനുഷ്യർ തമ്മിൽ ഭേദം കൽപിച്ചിരുന്നില്ല. ഇവരിൽ പലരും ആ കുറ്റത്തിനായി അധികാരികളിൽനിന്നും മുസ്‌ലിംസമുദായത്തിൽനിന്നും പീഡനങ്ങൾ ഏറ്റുവാങ്ങിയവരാണ്. ചിലർ കൊല്ലപ്പെട്ടിട്ടുമുണ്ട്.

അതുകൊണ്ടാണ് പാവങ്ങളുടെ കഥകളിൽ നൂറ്റാണ്ടുകളായി ഇവർ നിരന്തരം വളർന്നുകൊണ്ടിരിക്കുന്നത്. മിക്കവാറും ദർഗകളിൽ നേർച്ചയ്ക്ക് വരുന്നവരിൽ പകുതിയിലധികമാളുകളും ഹിന്ദുക്കളാണ്.

സൂഫിവര്യന്മാർ മിക്കവാറും എല്ലാവരും തന്നെ ഫഖീറുമാരായിരുന്നു: "അല്ലാഹുവിന്റേതു മുഴുവൻ എന്റേതാണ്. അതിനാൽ എനിയ്ക്കായി മാത്രം ഒന്നുമില്ല" എന്ന് കരുതി ജീവിച്ചവർ. അവർ എങ്ങനെയാണ് കഞ്ഞി ദാനംനടത്തിയത്? ദാതു വർഷപഞ്ഞം എന്ന് പേരുകേട്ട കൊടുംവറുതിയിൽ തമിഴകത്ത് മാത്രം പത്തുലക്ഷം പേർ പട്ടിണികിടന്ന് മരിച്ചിട്ടുണ്ട് എന്നാണ് കണക്ക്. സ്വയംവിറ്റ് ആഫ്രിക്കയിലേക്കും തെക്കനേഷ്യൻ നാടുകളിലേക്കും അടിമപ്പണിക്ക് പോയവർ ഒരു കോടിയോളം വരും. പ്രഭുക്കൾപോലും ഭിക്ഷക്കാരായി മാറിയ കാലം. കോണകം മാത്രമുടുത്ത് പൂഴിയിൽ കിടന്നുറങ്ങിയ ഫഖീറുമാർക്ക് എങ്ങനെ വിഭവങ്ങൾ കിട്ടി?

അതു മനസ്സിലാക്കാനാവാത്ത പാവപ്പെട്ട ജനങ്ങൾ അവരെ അത്ഭുതങ്ങൾ ചെയ്യുന്ന മാന്ത്രികന്മാരായി ഭാവനചെയ്തു. ജിന്നുകൾ അവരെ സഹായിച്ചു എന്ന് കഥകൾ മെനഞ്ഞുണ്ടാക്കി. എന്നാൽ, ഇന്നുവരെയുള്ള ലോകചരിത്രം എടുത്തുനോക്കിയാൽ അതിൽ മാന്ത്രികമായി ഒന്നുമില്ല എന്ന് മനസ്സിലാക്കാനാവും. സ്വന്തമായി ഒന്നുമില്ലാത്തവരാണ് ഏറ്റവും കൂടുതൽ മറ്റുള്ളവർക്ക് കൊടുത്തിട്ടുള്ളത്. മനസ്സിൽ സ്നേഹവും കാരുണ്യവും നിറഞ്ഞുകവിയുമ്പോൾ ഒരു കഞ്ഞിത്തൊട്ടി നിറയുന്നതാണോ കാര്യം?

എല്ലാ സൂഫികളെപ്പറ്റിയും ഉള്ള അതേ കഥ പീർ മുഹമ്മദ് വലിയ്യുല്ലാഹിയെപ്പറ്റിയും ഉണ്ട്. വിശന്നു വലഞ്ഞ പാവങ്ങൾക്ക് ചോറുണ്ടാക്കാൻ മുറ്റത്തുനിന്ന് ഒരുപിടി മണ്ണ് വാരി അദ്ദേഹം ഭാര്യയുടെ കൈയിൽ കൊടുത്തുവത്രെ. സ്വദഖത്തുല്ലാ അപ്പ അവർകൾക്ക് അദ്ദേഹം പറഞ്ഞുകൊടുത്ത ആ പൊന്നെഴുത്തുകളിലെഴുതിയ വാർത്ത എന്താവും? കരുണയും സ്നേഹവും എളിമയും നിറഞ്ഞ മനസ്സോടെ ഖുർആൻ വായിക്കുന്ന ഒരാൾക്ക് കാണാവുന്ന വാർത്തയാണത് എന്ന് ഞാൻ പറയും. മണ്ണിനെ അമൃതാക്കുന്ന മാന്ത്രികവിദ്യ.

(തമിഴകത്തെ ഉത്തരാധുനികതലമുറയിലെ ഏറ്റവും ശ്രദ്ധേയമായഎഴുത്തുകാരിലൊരാളാണ് ലേഖകൻ. മലയാളത്തിലും എഴുതാറുണ്ട്.)